Azadi Ka Amrit Mahotsav

LSGD

# ഓങ്ങല്ലൂർഗ്രാമപഞ്ചായത്ത്കാര്യാലയം

കള്ളാടിപ്പറ്റ പി.ഒ, പാലക്കാട്-679313

മൊബൈൽ നം:- 9496047125 ഇമെയിൽ: ddpongallurpkd@gmail.com

SC1-1500/2024 17/07/2025

സെക്രട്ടറി

ഓങ്ങല്ലൂർ ഗ്രാമപഞ്ചായത്ത്

ബഹു.ജോയിന്റ് ഡയറക്ടർ

എൽ എസ് ജി ഡി, പാലക്കാട്

സർ,

വിഷയം :- ഓങ്ങല്ലൂർ ഗ്രാമപഞ്ചായത്ത് -കെട്ടിട നമ്പർ അനുവദിക്കുന്നത് സംബന്ധിച്ച് ശ്രീ.കുഞ്ഞിമൊയ്ദു എന്നവർ ഉപജില്ലാ സ്ഥിരസമിതിയിൽ സമർപ്പിച്ച(BPPKD10815000005) അപേക്ഷക്കുള്ള മറുപടി നൽകുന്നത് സംബന്ധിച്ച്.

സൂചന 1:- കെട്ടിട നിർമ്മാണം നടത്തിയതിൽ ന്യൂനത പരിഹരിക്കുന്നതിന് 20.3.2025 സെക്രട്ടറി അപേക്ഷകന് നൽകിയ 25/3239 നമ്പർ കത്ത്

2.ഉപജില്ലാ സ്ഥിരം സമിതി അദാലത്ത് രണ്ടിന്റെ (2) പരിധിയിൽ സിറ്റിസൺ അദാലത്ത് പോർട്ടലിൽ ലഭ്യമായ നിവേദനങ്ങൾ തീർപ്പു കൽപ്പിക്കുന്നതുമായി ബന്ധപ്പെട്ട പട്ടാമ്പി ബ്ലോക്ക് പഞ്ചായത്ത് ഹാളിൽ 22.03.2025 വെച്ച് നടന്ന യോഗം

3. ഈ ഓഫീസിൽ നിന്നുള്ള 20/03/2025 ലെ 400761/GGGR09/GENERAL/2025/3239/(1) നമ്പർ കത്ത്

4. ഈ ഓഫീസിൽ നിന്നുള്ള 03/04/2025 ലെ SC1-1500/2024 നമ്പർ കത്ത്

. മേൽ സൂചന പ്രകാരം 25/3239 ആം നമ്പർ അപേക്ഷ പരിശോധിച്ചതിൽ നിന്നും അപേക്ഷകൻ 2019 KPBR ചട്ടങ്ങൾ അനുശാസിക്കുന്ന വിധത്തിലല്ല കെട്ടിടം നിർമ്മിച്ചിരിക്കുന്നത് എന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. ഓങ്ങല്ലൂർ ഗ്രാമപഞ്ചായത്തിന്റെ അസിസ്റ്റന്റ് എൻജിനീയറുടെ സ്ഥല പരിശോധന റിപ്പോർട്ട് അനുസരിച്ച് സൈറ്റ് പരിശോധനയിൽ KPBR -2019 പ്രകാരമുള്ള SET BACK- കൾ പാലിക്കുന്നില്ല A1 കാറ്റഗറിയിൽ പെടുന്ന കെട്ടിടത്തിന്റെ മുൻവശത്തുള്ള അതിരിൽ നിന്നും ആണ് കെട്ടിടം നിർമ്മിച്ചിരിക്കുന്നത്. കെട്ടിടത്തിന്റെ പാർശ്വഭാഗത്ത് 0.30m SET BACK ഉം 10m SET BACK ഉം REAR YEARD 0.85m SET BACK ഉം മാത്രമാണുള്ളത്. 300 M2 ൽ കൂടുതൽ BUILT UP -AREA ഉള്ള കെട്ടിടത്തിന് ബയോഗ്യാസ് പ്ലാൻറ് സ്ഥാപിച്ചിട്ടില്ല അപേക്ഷകന്റെ പ്ലോട്ട് സ്റ്റേറ്റ് ഹൈവേയോട് ചേർന്നാണ് സ്ഥിതി ചെയ്യുന്നത് എന്നു ബോധ്യപ്പെടുന്നു. മേൽ സാഹചര്യത്തിൽ ടിയാളുടെ കെട്ടിടത്തിന് U/A നമ്പർ ആയാണ് അനുവദിച്ചിട്ടുള്ളത്.

കെട്ടിട നിർമ്മാണത്തിലെ ന്യൂനത പരിഹരിക്കുന്നതിന് ടിയാൻ സൂചന(1) പ്രകാരം അറിയിപ്പ് നൽകിയിരുന്നെങ്കിലും അത് സംബന്ധിച്ച് ടിയാൻ യാതൊരു മറുപടിയും സമർപ്പിച്ചിട്ടില്ല. ആയതിനാൽ നിലവിലെ കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഭേദഗതി ഉണ്ടാവുന്ന മുറക്കോ അല്ലെങ്കിൽ പരാതിക്കാരൻ കെട്ടിട നിർമ്മാണ ചട്ടങ്ങൾ അനുശാസിക്കും വിധം മാറ്റം വരുത്തുന്ന മുറയ്ക്കോ മാത്രമേ ശരിയായി നമ്പർ അനുവദിക്കാൻ സാധിക്കുകയുള്ളൂ എന്ന വിവരം റിപ്പോർട്ട് ചെയ്യുന്നു.

Scanned with OKEN Scanner

ഇതേ വിഷയം സംബന്ധിച്ച് പരാതിക്കാരനായ ശ്രീ. കുഞ്ഞിമൊയ്ദു "കരുതലും കൈത്താങ്ങും " അദാലത്തിൽ സമർപ്പിച്ച പരാതിക്ക് ഈ ഓഫീസിൽ നിന്നും സൂചന(3) പ്രകാരവും ഉപജില്ലാ സ്ഥിരം സമിതിയിൽ ഡോക്കറ്റ് നമ്പർ BPPKD 10815000005 നമ്പറായി സമർപ്പിച്ചിരുന്ന പരാതിക്ക് സൂചന(4) പ്രകാരവും മറുപടി നൽകിയിട്ടുണ്ട്. (പകർപ്പുകൾ ഉള്ളടക്കം ചെയ്യുന്നു.)

വിശ്വസ്തതയോടെ

സെക്രട്ടറി

Secretary
Ongallur Grama Panc

ഓങ്ങല്ലൂർ ഗ്രാമപഞ്ചായത്ത് ഓഫീസ്
പിൻ: 679 313
കള്ളാടിപ്പറ്റ (P.O)

Scanned with OKEN Scanner